**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5481** **05-07-2024 - ൽ മറുപടിയ്ക്ക്**

**ടിപ്പർ ലോറികൾ കാരണമുള്ള അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടിപ്പർ ലോറികൾ നിരത്തിലിറക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിൽ മോട്ടോർ വാഹന വകുപ്പ് പരാജയപ്പെടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ടിപ്പർ ലോറികൾ നിരത്തിലിറക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് കർശന പരിശോധന നടത്തുന്നുണ്ട്. ഒരു താലൂക്കിൽ ഒരു സ്ക്വാഡ് എന്ന പ്രകാരം നിലവിൽ ദിവസേന എട്ട് മണിക്കൂർ ദൈർഘ്യമുള്ള ഒരു ഷിഫ്റ്റ് ഡ്യൂട്ടി ഓരോ താലൂക്കിലും നടത്തി വരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ടിപ്പർ ലോറികൾ കാരണം അപകടം സംഭവിച്ചു മരണപ്പെട്ടവരുടെ കണക്കുകൾ ലഭ്യമാക്കാമോ; ഇത്തരത്തിൽ അലക്ഷ്യമായും അശ്രദ്ധമായും അപകടം വരുത്തിയ ലോറികളുടെ പെർമിറ്റ്/ ഫിറ്റ്നെസ് നിർത്തലാക്കിയിട്ടുണ്ടോ; അപകടത്തിനു കാരണക്കാരായ ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ടിപ്പർ ലോറികൾ കാരണം അപകടം സംഭവിച്ച 381 പേർ മരണപ്പെട്ടിട്ടുണ്ട്. അലക്ഷ്യവും അശ്രദ്ധവുമായി വാഹനം ഓടിച്ചതിന്റെ ഫലമായി അപകടമുണ്ടായ കേസുകളിൽ തുടർ അന്വേഷണം നടത്തി ഗുരുതരമായ പിഴവുകൾ കണ്ടെത്തിയ ടിപ്പർ ലോറികളുടെ ഫിറ്റ്നസ്/ പെർമിറ്റ് എന്നിവ റദ്ദ് ചെയ്തിട്ടുണ്ട്.<br><br>അശ്രദ്ധയോടെ ടിപ്പർ ലോറി ഓടിച്ചു എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ട കേസുകളിൽ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | ടിപ്പർ ലോറികൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനവും ബോധവൽക്കരണവും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ടിപ്പർ ലോറി ഓടിക്കുന്ന ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനവും ബോധവൽക്കരണവും നൽകി വരുന്നുണ്ട്. |
| (ഡി) | ടിപ്പർ ലോറികൾക്ക് സ്പീഡ് ഗവർണറും 360 ഡിഗ്രി ക്യാമറ അടക്കമുള്ള സുരക്ഷ ഉപകരണങ്ങളും നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | ടിപ്പർ ലോറികൾക്ക് സ്പീഡ് ഗവർണർ നിയമം മൂലം നിർബന്ധമാക്കിയിട്ടുണ്ട്. ആയതു ഊരി മാറ്റി റോഡിലിറക്കുന്ന ടിപ്പർ ലോറികൾക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. 360 ഡിഗ്രി ക്യാമറ സ്ഥാപിക്കുന്ന കാര്യത്തിൽ കേന്ദ്ര മോട്ടോർ വാഹന നിയമം ആണ് ബാധകമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ